LIBRARY ARCHIVES Kerala Legislative Assembly

ഐ. എ. എസ്., ഐ. എഫ്. എസ്., ഐ. പി. എസ്. വിഭാഗങ്ങളിൽ അധികമുള്ള തസ്തികകൾ

14 [14] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണനവീകരണത്തിന്റെ ഭാഗമായി ഉയർന്ന തസ്തികകൾ വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ സംസ്ഥാനത്തെ വിവിധ വകുപ്പുകളിലായി എത്ര സെക്രട്ടറിമാരാണുള്ളത്;

(സി) വിവിധ വകുപ്പുകളിലായി അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി എന്നീ തസ്തികകൾ ഓരോന്നിലും എത്ര പേർ വീതം ഉണ്ടെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്തെ ഐ. എ. എസ്., ഐ. പി. എസ്., ഐ. എഫ്. എസ്. വിഭാഗത്തിൽ തസ്തികകൾ അധികമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

(ബി) പ്രിൻസിപ്പൽ സെക്രട്ടറി റാങ്കിൽ 14 പേരും, സെക്രട്ടറി റാങ്കിൽ 19 പേരും സ്പെഷ്യൽ സെക്രട്ടറി റാങ്കിൽ ഒരാളും ഉണ്ട്.

(സി) ഐ. എ. എസ്. റാങ്കിൽ അഡീഷണൽ സെക്രട്ടറി തസ്തികയിൽ ഏഴ് പേരും, ജോയിന്റ് സെക്രട്ടറി തസ്തികയിൽ ഒരാളും ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിൽ രണ്ടുപേരും ഉണ്ട്.

(ഡി) പരിശോധിച്ചിട്ടില്ല.

ദേശീയോദ്ഗ്രഥന താലൂക്ക് ഗ്രാമപഞ്ചായത്ത് സമിതികൾ

15 [15] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയോദ്ഗ്രഥന താലൂക്ക് ഗ്രാമപഞ്ചായത്ത് സമിതികളിലെ പോലീസുദ്യോഗസ്ഥൻമാരെ മാറ്റിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്;